# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 447 21.03.2018-ൽ മറുപടിയ്ക്ക്

### പ്രവാസി ക്ഷേമ നിധി അംഗത്വം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ. പ്രദീപ് കുമാർ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ.പി. വി. അൻവർ<br>ശ്രീ.വി. അബ്ദു റഹിമാൻ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പ്രവാസി ക്ഷേമനിധിയിൽ അംഗമാകാൻ കഴിയാതെ പോയ പ്രവാസികൾ നാട്ടിൽ തിരിച്ചെത്തി പെൻഷൻ ലഭിക്കാതെ ബുദ്ധിമുട്ടനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>പ്രവാസി ക്ഷേമനിധിയിൽ അംഗത്വമെടുക്കാൻ കഴിയാത്തതും അംഗത്വ പ്രായപരിധിയായ 60 വയസ്സ് പൂർത്തിയായതുമായ നിരവധി പ്രവാസികൾ പെൻഷൻ ലഭിക്കുന്നതിനായി ബോർഡിനെ സമീപിക്കുന്നുണ്ട്. |
| (ബി) | നിലവിലുള്ള നിയമ പ്രകാരം പ്രവാസി ക്ഷേമനിധിയിൽ അംഗമാകാനുള്ള പ്രായപരിധി എത്രയാണ്; | (ബി) | നിലവിൽ പ്രവാസി ക്ഷേമനിധി അംഗത്വത്തിനുള്ള പ്രായം 18 വയസ്സിനും 60 വയസ്സിനും മദ്ധ്യേയാണ്. |
| (സി) | അറുപത് വയസ്സ് കഴിഞ്ഞ പ്രവാസികൾക്ക് ക്ഷേമനിധിയിൽ അംഗമാകാൻ കഴിയുന്ന തരത്തിൽ നിയമഭേദഗതി വരുത്താൻ നടപടി സ്വീകരിക്കുമോ ; അറുപത് വയസ് കഴിഞ്ഞവർക്ക് അംശദായം ഒന്നിച്ചടച്ച് പെൻഷൻ സ്കീമിൽ ചേരാൻ അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ; | സി) | അറുപത് വയസ്സ് കഴിഞ്ഞ പ്രവാസികൾക്ക് ക്ഷേമനിധിയിൽ അംഗത്വം നല്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്. |
| ഡി) | ഈ സർക്കാർ പ്രവാസി പെൻഷൻ തുക വർദ്ധിപ്പിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര ; വിശദാംശം വെളിപ്പെടുത്തുമോ ? | ഡി) | വർദ്ധിപ്പിച്ചിട്ടുണ്ട്. 500/- രൂപ, 1000/- രൂപ നിരക്കിൽ അനുവദിച്ചുവന്നിരുന്ന പ്രവാസി ക്ഷേമ പെൻഷൻ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2000/- രൂപ നിരക്കിൽ ഏകീകരിച്ച് വർദ്ധിപ്പിച്ച് നല്കി വരുന്നു. |

സെക്ഷൻ ഓഫീസർ